പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 106

# 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 106

# 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

527/2022.

പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 106

# 2022 -ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി
ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പിന്റെ (ii)-ാം ഖണ്ഡം 1990 ജനവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ "കുപ്പിയിൽ നിറയ്ക്കൽ," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ലേബൽ ഒട്ടിക്കൽ, വെയർ ഹൗസുകളിലോ മൊത്ത വിൽപനശാലകളിലോ ബാറുകളിലോ ക്ലബ്ബുകളിലോ " എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) (എം) ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡത്തിൽ "ഓവർടൈം അലവൻസും,"എന്ന വാക്കുകളും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

3. 3എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ടിലെ 3-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3 എ അബ്കാരിത്തൊഴിലാളി അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ.—(1) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കപ്പെടുന്ന തൊഴിലാളികളുടെ ഒരു രജിസ്റ്റർ തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ സൂക്ഷിക്കേണ്ടതാണ്.

(2) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ ഓരോ വർഷവും അംഗത്വം നേടിയവരുടെയും അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടവരുടെയും പേരും വിശദാംശങ്ങളും അടങ്ങുന്ന ഒരു ലിസ്റ്റ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓരോ വർഷവും ജനുവരി 1-ാം തീയതിക്കു മുൻപായി പൊതു അറിവിലേയ്ക്കും ആക്ഷേപമുണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനുമായി അദ്ദേഹത്തിന്റെ ആഫീസിലെയും അതിനു താഴെയുള്ള മറ്റെല്ലാ ആഫീസുകളിലെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റ് സംബന്ധിച്ചുള്ള ഏതെങ്കിലും ആക്ഷേപം, പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ മുൻപാകെ സമർപ്പിക്കാവുന്നതാണ്.

(4) ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ എല്ലാ ആക്ഷേപങ്ങളും ബോർഡിന്റെ ചെയർമാൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാൻ ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതും, ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിന് ശേഷം തീരുമാനം കൈക്കൊള്ളേണ്ടതും, തീരുമാനത്തിന് അനുസൃതമായി ലിസ്റ്റിൽ തിരുത്തൽ വരുത്തേണ്ടതുമാണ്.''.

4. 4-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്ടിലെ 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) നിധിയിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം ഓരോ അബ്കാരിത്തൊഴിലാളിക്കും തത്സമയം നൽകുന്ന വേതനത്തിന്റെ പത്തു ശതമാന മായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം അബ്കാരിത്തൊഴിലാളിയുടെ പ്രതിമാസ വേതനത്തിന്റെ പതിനൊന്നര ശതമാനം ആയിരിക്കേണ്ടതുമാണ്.";

(2) (2)-ാം ഉപവകുപ്പിൽ "അഞ്ചു ശതമാനത്തിന്" എന്ന വാക്കുകൾക്ക് പകരം "ഏഴ് ശതമാനത്തിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19) 2-ാം വകുപ്പിലെ (എം) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം 'വേതനം' എന്ന വാക്കിന് ഒരു അബ്കാരിത്തൊഴിലാളി ജോലിയിലായിരിക്കുകയോ ജോലി സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് വേതനത്തോടുകൂടിയ അവധിയിലായിരിക്കുകയോ ചെയ്യുമ്പോൾ ലഭിക്കുന്നതും, തനിക്ക് പണമായി നല്കുന്നതോ നൽകേണ്ടതോ ആയ എല്ലാ പ്രതിഫലങ്ങളും എന്നർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും സൗജന്യ ഭക്ഷണത്തിന്റെ വില, ഓവർടൈം അലവൻസ്, ബോണസ്, കമ്മീഷൻ എന്നിവ ഉൾപ്പെടാത്തതുമാകുന്നു.

അബ്കാരി സ്ഥാപനങ്ങൾ ഒരു വർഷത്തിൽ 365 ദിവസങ്ങളിലും പ്രവർത്തിക്കുന്നവയാണ്. ആകയാൽ തൊഴിലാളികൾക്ക് സൗകര്യാർത്ഥം അവധി ലഭിക്കുന്നതിനു വേണ്ടിയാണ് കരാറിന്റെ അടിസ്ഥാനത്തിൽ 50 മുതൽ 110 വരെ ദിവസങ്ങൾ അവധി അനുവദിച്ചിട്ടുള്ളത്. ഈ അവധി ഭാഗികമായി മാത്രം പ്രയോജനപ്പെടുത്തുകയും ബാക്കി അവധി ദിവസങ്ങളിൽ ജോലി ചെയ്യുകയും ചെയ്യുന്ന തൊഴിലാളികൾക്ക് അവധി വേതനം നൽകാറുണ്ട്. ഈ അവധി വേതനം സാധാരണ വേതനം നൽകുന്ന രീതിയിൽ വേജസ് രജിസ്റ്ററിൽ ചേർത്താണ് തൊഴിലാളികൾ വാങ്ങുന്നത്. ഓവർടൈം ജോലിയായി പരിഗണിക്കുകയോ അതനുസരിച്ച് ഇരട്ടി ശമ്പളം നൽകുകയോ ചെയ്യുന്ന കീഴ്‌വഴക്കം ഈ വ്യവസായത്തിൽ നിലവിലില്ല. ഈ അവധി വേതനം ഉൾപ്പെടെയുള്ള വേതനത്തിന്റെ 10 % ആണ് തൊഴിലാളി വിഹിതയിനത്തിൽ തൊഴിലുടമ അടയ്ക്കേണ്ടത്. അംശദായ വിഹിതം നിർണ്ണയിക്കുന്നത് സംബന്ധിച്ച അന്വേഷണങ്ങളിൽ തൊഴിലുടമകൾക്ക് പറയാനുള്ളത് കേൾക്കുന്നതിനും തൊഴിലാളികളുടെ എണ്ണത്തെ സംബന്ധിച്ചും അവർക്ക് നൽകിയിട്ടുള്ള വേതനത്തെ സംബന്ധിച്ചുമുള്ള രേഖകൾ ഹാജരാക്കുന്നതിനും മതിയായ അവസരങ്ങൾ നൽകാറുണ്ട്. എന്നാൽ തൊഴിലുടമകൾ ഈ അവസരങ്ങൾ വിനിയോഗിക്കാറില്ല. പ്രസ്തുത അന്വേഷണങ്ങളിൽ ഇപ്രകാരം നൽകിയിട്ടുള്ള അവധി വേതനം ഓവർടൈം ബോണസ്സാണെന്ന് സ്ഥാപിക്കുകയോ അതിനാധാരമായ രേഖകൾ ഹാജരാക്കുകയോ ചെയ്യാറുമില്ല.

അവധി വേതനം ഓവർടൈം അലവൻസ് എന്ന് തെറ്റായി വ്യാഖ്യാനിക്കാൻ സാധ്യതയുള്ളതിനാലാണ് 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 2-ാം വകുപ്പിലെ (എം) ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡം മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യണമെന്ന് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് അഭ്യർത്ഥിച്ചിട്ടുള്ളത്. പ്രസ്തുത ഭേദഗതി നിർദ്ദേശം നടപ്പാക്കിയാൽ 1990 മുതലുള്ള അംശദായ തുക തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വേതനവും അധിക വേതനവും കൂട്ടിച്ചേർത്ത തുകയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കേണ്ട ആവശ്യം ഉണ്ടാവുകയില്ല. ഈ കാര്യങ്ങൾ കണക്കിലെടുത്ത് ബോർഡിന്റെ അഭ്യർത്ഥന സർക്കാർ അംഗീകരിക്കുകയും അതിനായി നിയമനിർമ്മാണം നടത്താൻ തീരുമാനിക്കുകയും ചെയ്തു.

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളെ തൊഴിലുടമകൾ യഥാസമയം കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യിക്കാത്തതുമൂലം തൊഴിലാളികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതായും തൊഴിലുടമകളുടെ പ്രസ്തുത പ്രവൃത്തി തടയുന്നതിന് നിലവിലെ ആക്റ്റിൽ വ്യവസ്ഥയില്ലാത്തതിനാൽ നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ആക്റ്റിൽ അബ്കാരിത്തൊഴിലാളികളുടെ ലിസ്റ്റ് ഓരോ വർഷവും പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനും അതിനനുസരിച്ച് പ്രസ്തുത ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം തത്സമയം ഓരോ അബ്കാരി തൊഴിലാളിയ്ക്കും നൽകുന്ന വേതനത്തിന്റെ പത്തു ശതമാന മായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം തൊഴിലുടമ നൽകുന്ന അംശദായത്തിന് തുല്യമായിരിക്കേണ്ടതും പദ്ധതിയിൽ പറഞ്ഞിട്ടുള്ള വിധത്തിൽ നൽകേണ്ടതുമാണ് എന്നതിനു പകരം നിധിയിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം തത്സമയം ഓരോ അബ്കാരി തൊഴിലാളിയ്ക്കും, നൽകുന്ന വേതനത്തിന്റെ പത്തു ശതമാന മായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം അബ്കാരി ത്തൊഴിലാളിയുടെ പ്രതിമാസ വേതനത്തിന്റെ പതിനൊന്നര ശതമാനമായിരിക്കേണ്ടതാണ് എന്നും (2)-ാം ഉപവകുപ്പ് പ്രകാരം തൊഴിലുടമ, പ്രസ്തുത വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട അംശദായത്തിനു പുറമേ ഓരോ അബ്കാരിത്തൊഴിലാളിയ്ക്കും തത്സമയം നൽകുന്ന വേതനത്തിന്റെ അഞ്ചു ശതമാനത്തിന് തുല്യമായ ഒരു തുക ഗ്രാറ്റിവിറ്റിയായി നിധിയിലേക്ക് നൽകേണ്ടതാണ് എന്ന വ്യവസ്ഥയിലെ അഞ്ചു ശതമാനത്തിന് പകരം ഏഴ് ശതമാനം എന്നും ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

വി. ശിവൻകുട്ടി.

# 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1989-ലെ 19) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അബ്കാരിത്തൊഴിലാളി" എന്നതിന് മദ്യത്തിന്റെ സംഭരണം, കുപ്പിയിൽ നിറയ്ക്കൽ, കൊണ്ടുപോകൽ അല്ലെങ്കിൽ വില്പന എന്നിവ സംബന്ധിച്ച ജോലിക്കായി വേതനത്തിൻമേൽ നിയമിക്കപ്പെട്ടിരിക്കുകയും, തൊഴിൽ ഉടമയിൽനിന്നും നേരിട്ടോ നേരിട്ടല്ലാതെയോ തന്റെ വേതനം പറ്റുകയും ചെയ്യുന്ന ഏതൊരാളും എന്ന് അർത്ഥമാകുന്നതും, എന്നാൽ 1969-ലെ കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1969-ലെ 22) നിർവ്വചിക്കപ്പെട്ടിട്ടുള്ള ഒരു തൊഴിലാളി ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

** ** ** **

(എം) "വേതനം" എന്നതിന് ഒരു അബ്കാരിത്തൊഴിലാളിക്ക് താൻ ജോലിയിലായിരിക്കുകയോ ജോലിസംബന്ധിച്ച കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് വേതനത്തോടുകൂടിയ അവധിയിലായിരിക്കുകയോ ചെയ്യുമ്പോൾ ലഭിക്കുന്നതും തനിക്ക് പണമായി നൽകുന്നതോ നൽകേണ്ടതോ ആയ എല്ലാ പ്രതിഫലങ്ങളും എന്നർത്ഥമാകുന്നതും, എന്നാൽ താഴെപ്പറയുന്നവ ഉൾപ്പെടാത്തതുമാകുന്നു.—

(i) ഏതെങ്കിലും സൗജന്യ ഭക്ഷണത്തിന്റെ വില;

(ii) ഓവർടൈം അലവൻസും, ബോണസും കമ്മീഷനും.

** ** ** **

3. അബ്കാരിത്തൊഴിലാളി ക്ഷേമനിധി.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി അബ്കാരിത്തൊഴിലാളികൾക്കുവേണ്ടി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനു വേണ്ടി അബ്കാരിത്തൊഴിലാളി ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കേണ്ടതും പദ്ധതി തയ്യാറാക്കിയ ശേഷം, കഴിയുന്നത്ര വേഗം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

** ** ** **

4. നിധിയിലേക്കുള്ള അംശദായം.—(1) നിധിയിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം തത്സമയം ഓരോ അബ്കാരിത്തൊഴിലാളിക്കും, നൽകുന്ന വേതനത്തിന്റെ പത്തു ശതമാനമായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം തൊഴിലുടമ നൽകുന്ന അംശദായത്തിന് തുല്യമായിരിക്കേണ്ടതും പദ്ധതിയിൽ പറഞ്ഞിട്ടുള്ള വിധത്തിൽ നൽകേണ്ടതുമാണ്.

(2) തൊഴിലുടമ (1)-ാം ഉപവകുപ്പു പ്രകാരം നൽകേണ്ട അംശദായത്തിനു പുറമേ ഓരോ അബ്കാരിത്തൊഴിലാളിക്കും തത്സമയം നൽകുന്ന വേതനത്തിന്റെ അഞ്ചു ശതമാനത്തിന് തുല്യമായ ഒരു തുക ഗ്രാറ്റുവിറ്റിയായി നിധിയിലേക്ക് നൽകേണ്ടതാണ്:

എന്നാൽ ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ അംശദായത്തുക ഒരു രൂപയുടെ ഭിന്നിതമായി വരുന്നിടത്ത് അതിന്റെ തൊട്ടടുത്ത രൂപയായി അങ്ങനെയുള്ള ഭിന്നിതത്തെ ക്രമപ്പെടുത്താൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

** ** ** **